# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. **ഭീകരവാദ കേസുകളിലെ അന്വേഷണത്തിന് സംസ്ഥാന ഏജൻസികളുമായി ചേർന്ന് എൻ.ഐ.എ യുടെ കീഴിൽ മാതൃകാ സംവിധാനം രൂപീകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.**

   **Home Minister Amit Shah calls for establishment of Model Anti-terrorism structure under NIA for uniform investigation across all agencies in states.**

2. **അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.**

   **Monitory Price Committee of RBI decides to keep Repo rate at 6.5 %.**

3. **സിക്കിം മിന്നൽപ്രളയത്തിൽ മരണസംഖ്യ 19 ആയി ഉയർന്നു. കേന്ദ്രസർക്കാർ 45 കോടി രൂപയുടെ ദുരിതാശ്വാസ സഹായം അനുവദിച്ചു.**

   **Death toll in Sikkim flash floods rises to 19; Over 100 people are missing. Center approves release of around 45 core rupees disaster assistance to flood-affected Sikkim.**

4. **ഹാങ്ചൗ ഏഷ്യൻ ഗെയിംസിൻറെ പതിമൂന്നാം ദിനത്തിൽ ഇന്ത്യയ്ക്ക് രണ്ട് വെങ്കലം. ബാഡ്മിൻറണിൽ എച്ച്.എസ് പ്രണോയും, അമ്പെയ്ത്തിൽ അങ്കിത- ഭജൻ കൗർ-സിമ്രൻജീത് കൗർ സഖ്യവും വെങ്കലം നേടി.**

**India wins two bronze in Asian Games today. In Badminton, H S Prannoy had to settle for a bronze. Indian recurve women's team in Archery clinched bronze after defeating Vietnam.**

5. **ഐ.സി.സി ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ നെതെർലൻഡ്സിനെ നേരിടും.**

**In ICC World Cup Cricket, Pakistan will take on  Netherlands today.**

=================================================

**HEADLINE-1**

## AMITH SHAH

ഭീകരവാദകേസുകളിലെ അന്വേഷണത്തിന് സംസ്ഥാന ഏജൻസികളുമായി ചേർന്ന് എൻ.ഐ.എ യുടെ കീഴിൽ മാതൃകാ സംവിധാനം രൂപീകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ രാജ്യത്ത് ഭീകരവാദം തടയുന്നതിൽ കേന്ദ്ര-സംസ്ഥാന ഏജൻസികൾ വിജയിച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ദേശീയ അന്വേഷണ ഏജൻസി സംഘടിപ്പിച്ച രണ്ട് ദിവസത്തെ ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.  പുതിയ ഭീകരവാദ സംഘടനകൾ രൂപീകരിക്കാൻ കഴിയാത്ത വിധത്തിൽ രാജ്യത്തെ എല്ലാ ഭീകരവിരുദ്ധ ഏജൻസികളും  ശക്തമായ  സമീപനം സ്വീകരിക്കണമെന്നും ശ്രീ.അമിത് ഷാ പറഞ്ഞു. ഭീകരവാദത്തെ നേരിടാൻ നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കണമെന്നും അന്വേഷണ ഏജൻസികളോട് കേന്ദ്രമന്ത്രി  ആഹ്വാനം ചെയ്തു.

==================================================

**HEADLINE-3**

**ADD SIKKIM FLOOD – (INTRO)**

സിക്കിം മിന്നൽപ്രളയത്തിൽ മരണസംഖ്യ 19 ആയി ഉയർന്നു. 26 പേർക്ക് പരിക്കേറ്റിട്ടുണ്ട്. സൈനികർ ഉൾപ്പെടെ 103 പേരെ കാണാതായെന്നാണ് ഔദ്യോഗിക കണക്കുകൾ. ഇവർക്കായി തെരച്ചിൽ പുരോഗമിക്കുകയാണ്. സിക്കിമിന് കേന്ദ്രസർക്കാർ 45 കോടി രൂപയുടെ ദുരിതാശ്വാസ സഹായം അനുവദിച്ചു.

**വിശദാംശങ്ങളിലേക്ക്.........**

**– (VOICE.....)**

*മിന്നൽ പ്രളയം കനത്ത ദുരന്തം വിതച്ച സിക്കിമിലെ നാശനഷ്ടങ്ങൾ വിലയിരുത്താൻ മന്ത്രിമാരുടെ പ്രത്യേക സംഘത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം രൂപം നൽകി. കേന്ദ്രസംഘം ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിച്ച ശേഷം നൽകുന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കൂടുതൽ സഹായം അനുവദിക്കും. സിക്കിമിലെ നിലവിലെ സ്ഥിതിഗതികൾ കേന്ദ്രം സൂക്ഷ്മമായി വിലയിരുത്തി വരികയാണ്. രക്ഷാപ്രവർത്തനങ്ങൾക്ക് ദേശീയ ദുരന്ത നിവാരണ സേനയുടെയും, വ്യോമസേനയുടെയും സഹായം ഉറപ്പുവരുത്തിയിട്ടുണ്ട്. വടക്കൻ സിക്കിമിൽ കുടുങ്ങിക്കിടക്കുന്ന 1500-ഓളം വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്കായി ഇന്ത്യൻ സൈന്യത്തിന്റെ നേതൃത്വത്തിൽ ഭക്ഷണവും , വൈദ്യസഹായവും, ആശയവിനിമയ സൗകര്യവും ലഭ്യമാക്കുന്നുണ്ട്. ഇന്ന് കാലാവസ്ഥ മെച്ചപ്പെടുന്നതോടെ, ഒറ്റപ്പെട്ടുപോയ വിനോദസഞ്ചാരികളെ ഹെലികോപ്റ്ററുകൾ വഴി ഒഴിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും. ദുരന്തത്തിൽ തകർന്ന സിങ്ടാം- ബുർദാങ്*

*പാതയിൽ ഗതാഗതം പുനസ്ഥാപിച്ചിട്ടുണ്ട്. മറ്റ് റോഡുകളും ഗതാഗത യോഗ്യമാക്കാൻ ശ്രമം തുടരുകയാണ്. ദുരന്തത്തെ തുടർന്നുണ്ടായ കെടുതികൾ വിലയിരുത്താൻ സിക്കിം മുഖ്യമന്ത്രി പി എസ് തമാങിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു.*
*ന്യൂസ് ഡസ്ക്, ആകാശവാണി*

========================================

**HEADLINE-2**

**REV. MUMBAI-RBI**

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്താൻ ധനനയ സമിതി തീരുമാനിച്ചതായി ആർബിഐ ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു. ഇതോടെ വായ്പാ പലിശ നിരക്കുകൾ മാറ്റമില്ലാതെ തുടരും. സ്റ്റാൻഡിംഗ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25 ശതമാനമായും മാർജിനൽ സ്റ്റാൻഡിംഗ് ഫെസിലിറ്റി നിരക്കും ബാങ്ക് നിരക്കും 6.75 ശതമാനമായും തുടരും. പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുന്നതിന് അതീവ ജാഗ്രത പുലർത്തുമെന്നും സമയബന്ധിതമായ നയ നടപടികൾ സ്വീകരിക്കുമെന്നും ആർബിഐ വ്യക്തമാക്കി. 2023-24 സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിലെ ജിഡിപി വളർച്ചാ നിരക്ക് 6.6 ശതമാനമായിരിക്കുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി.

========================================

**GST**

അടുത്ത  ജി എസ് ടി കൌൺസിൽ യോഗം നാളെ ഡൽഹിയിൽ ചേരും.  വിജ്ഞാൻഭവനിൽ ചേരുന്ന യോഗത്തിൽ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ അധ്യക്ഷത വഹിക്കും.

====================================================

## HEADLINE-4

## ASIAN GAMES

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൻറെ പതിമൂന്നാം ദിനത്തിൽ 88 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു. അമ്പെയ്ത്തിലും, ബാഡ്മിൻറണിലുമായി ഇന്ത്യ ഇന്ന് രണ്ട് വെങ്കല മെഡലുകൾ നേടി. ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ എച്ച്.എസ് പ്രണോയും, വനിതകളുടെ അമ്പെയ്ത്ത് റീകർവ് വിഭാഗത്തിൽ അങ്കിത- ഭജൻ കൗർ-സിമ്രൻജീത് കൗർ സഖ്യവുമാണ് വെങ്കലം നേടിയത്. ഏഷ്യാഡ് ക്രിക്കറ്റ് സെമിഫൈനലിൽ ബംഗ്ലാദേശിനെ 9 വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ പ്രവേശിച്ചു. 97 റൺസ് വിജയലക്ഷ്യം 9.2 ഓവറിലാണ് ഇന്ത്യ മറികടന്നത്. ഹോക്കി ഫൈനലിൽ ഇന്ത്യൻ പുരുഷടീം ഇന്ന് ജപ്പാനെ നേരിടും. പുരുഷന്മാരുടെ 65 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തി സെമിഫൈനലിൽ ബജ്റംഗ് പുനിയ ഇറാൻ താരത്തോട് പരാജയപ്പെട്ടു. വനിതകളുടെ 62 കിലോഗ്രാം ഗുസ്തിയിൽ സോനം മല്ലിക്കും പരാജയം ഏറ്റുവാങ്ങി. ഇരുവരും വെങ്കലമെഡലിനായി ഇന്ന് വീണ്ടും മത്സരിക്കും. 21 സ്വർണവും, 32 വെള്ളിയും, 35 വെങ്കലവുമുൾപ്പെടെ 88 മെഡലുകളുമായി നാലാം സ്ഥാനത്താണ് ഇന്ത്യ. ചൈന, ജപ്പാൻ, ദക്ഷിണകൊറിയ എന്നീ രാജ്യങ്ങളാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ. മറ്റന്നാളാണ് ഏഷ്യൻ ഗെയിംസിന് സമാപനമാവുന്നത്. മെഡൽ ജേതാക്കളെ കേന്ദ്ര കായിക മന്ത്രി അനുരാഗ് സിങ് ഠാക്കൂർ അഭിനന്ദിച്ചു.

====================================================

**OBIT**

മുൻ എം.എൽ.എ യും, മുതിർന്ന സി.പി.ഐ (എം) നേതാവുമായ ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ നടക്കും. രോഗബാധയെത്തുടർന്ന് ഇന്നലെ വൈകിട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. രാത്രി ചിറയിൻകീഴ് ആനത്തലവട്ടത്തെ കുടുംബ വീടിലെത്തിച്ച ഭൗതികദേഹത്തിൽ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിച്ചു. AKG സെന്ററിലെ പൊതുദർശനത്തിന് ശേഷം ഉച്ചയ്ക്ക് രണ്ടു മുതൽ CITU സംസ്ഥാന കമ്മിറ്റി ഓഫീസിലും പൊതുദർശനത്തിനു വെയ്ക്കും.

=============================================

**AKHIL SAJEEVAN**

നിയമന കോഴ കേസിൽ പ്രതിയായ അഖിൽ സജീവിനെ പോലീസ് അറസ്റ്റ് ചെയ്തു. തേനി ബസ് സ്റ്റാൻഡ് പരിസരത്ത് നിന്നാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്. ഡി.വൈ.എസ്.പി, എസ്.നന്ദകുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്ത് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ എത്തിച്ചു. സ് പൈസസ് ബോർഡിലടക്കം ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയ കേസിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

=============================================

**BOAT ACCIDENT**

കൊച്ചി മുനമ്പത്തിനടുത്ത് മീൻ പിടിക്കാൻ പോയ മത്സ്യബന്ധന ബോട്ട് മുങ്ങി നാല് പേരെ കാണാതായി. മൂന്നു പേരെ രക്ഷപ്പെടുത്തി. മാലിപ്പുറത്തുനിന്ന് പോയ ബോട്ടാണ് മുങ്ങിയത്. കോസ്റ്റ് ഗാർഡിന്റെയും ഫിഷറീസ്

വകുപ്പിന്റെയും സഹായത്തോടെ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്. നാവിക സേന ഹെലികോപ്ടറും തെരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

==============================================

**CIVIL AVIATION DRONE**

സർക്കാർ നല്കുന്ന ഏത് തിരിച്ചറിയൽ കാർഡും ഉപയോഗിച്ച് ഇനി മുതൽ ഡ്രോൺ പൈലറ്റുമാരാകാമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം. പുതിയ ഡ്രോൺ ഭേദഗതി നിയമം 2023 മന്ത്രാലയം പുറത്തിറക്കി. ഡ്രോൺ പറത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് ഇല്ലാത്തപക്ഷം തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, തുടങ്ങിയവ മേൽവിലാസ രേഖയായി ഉപയോഗിക്കാമെന്ന് വിജ്ഞാപനത്തിൽ പറയുന്നു. രാജ്യത്തെ 2030 ഓടെ ആഗോള ഡ്രോൺ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായാണ് ഡ്രോൺ ഉപയോഗിക്കുന്ന തിന് കൂടുതൽ രേഖകൾ ഉൾപ്പെടുത്തിയത്.

==============================================

**J.K.D.F**

ജമ്മു കശ്മീർ ഡെമോക്രാറ്റിക് ഫ്രീഡം പാർട്ടി, J.K.D.F നെ UAPA നിയമത്തിലെ വകുപ്പുകൾ പ്രകാരം കേന്ദ്ര സർക്കാർ നിരോധിച്ചു. 1998 മുതൽ സംഘടന ദേശ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി ചൂണ്ടിക്കാട്ടിയാണ് നിരോധനം. രാജ്യത്ത് വിഘടനവാദത്തെയും തീവ്രവാദ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംഘടനയുടേതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

==============================================

**HEADLINE-5**

## ICC CRICKET

ഐ.സി.സി ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ നെതെർലൻഡ്സിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇംഗ്ലണ്ടിനെ ന്യൂസിലൻഡ് ഒൻപത് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് ഉയർത്തിയ 283 റൺസ് വിജയലക്ഷ്യം **36.2** ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ന്യൂസിലൻഡ് മറികടന്നു.

==========================================

## UAE VISIT-GOYAL

ഇന്ത്യൻ റുപേ കാർഡിന്റെ മാതൃകയിൽ യുഎഇയുടെ ദേശീയ ആഭ്യന്തര കാർഡ് പദ്ധതി വികസിപ്പിക്കുന്നതിനുള്ള പങ്കാളിത്ത കരാറിൽ ഇന്ത്യയും യുഎഇയും ഒപ്പുവച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിന് യുഎഇയിൽ എത്തിയ കേന്ദ്രമന്ത്രി പിയൂഷ് ഗോയലിന്റെയും അബുദാബി ഇൻവെസ്റ്റ്മെൻറ് അതോറിറ്റി മാനേജിങ് ഡയറക്ടർ ഷെയ്ഖ് ഹമീദ് ബിൻ സയിദ് അൽ നെഹ്യാന്റെയും സാന്നിധ്യത്തിലാണ് കരാർ ഒപ്പുവച്ചത്. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും യുഎഇ സെൻട്രൽ ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ അൽ ഇത്തിഹാദ് പേയ്മെന്റ്സും തമ്മിലാണ് കരാർ. ഇന്ത്യ- യു.എ.ഇ ഉന്നതതല ടാസ്ക് ഫോഴ്സ്-HLTFI യുടെ 11-ആമത് യോഗത്തിൽ പങ്കെടുത്ത ഇരുനേതാക്കളും വിവിധ മേഖലകളിലെ നിക്ഷേപത്തിന്റെ നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി.

സംയുക്ത വ്യാപാര, നിക്ഷേപ സഹകരണത്തിൻറെ ഭാവി സാധ്യതകളും യോഗത്തിൽ ചർച്ചയായി. ഇന്ത്യ-യുഎഇ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളറാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അബുദാബി ചേംബർ സംഘടിപ്പിച്ച സമ്മേളനത്തിൽ ശ്രീ പിയുഷ് ഗോയൽ പറഞ്ഞു.

==========================================

## PAKISTAN - AFGHAN IMMIGRANTS

നിയമപരമായ രേഖകളില്ലാത്ത എല്ലാ അഫ്ഗാൻ കുടിയേറ്റക്കാരെയും ഒക്ടോബർ 31-നകം പുറത്താക്കാനുള്ള പാകിസ്ഥാൻ സർക്കാരിന്റെ തീരുമാനത്തെ താലിബാൻ ഭരണകൂടം വിമർശിച്ചു. തീരുമാനം നീതിരഹിതമാണെന്ന് താലിബാൻ ആക്ടിംഗ് പ്രതിരോധ മന്ത്രി മുല്ല മുഹമ്മദ് യാക്കൂബ് മുജാഹിദ് പ്രതികരിച്ചു. അതേസമയം നടപടിയ്ക്കുള്ള പരമാധികാരം പാകിസ്ഥാന് ഉണ്ടെന്നും ബാഹ്യസമ്മർദത്തിന് വഴങ്ങില്ലെന്നും ബലൂചിസ്ഥാൻ മന്ത്രി ജാൻ അചക്സായി പറഞ്ഞു. എന്നാൽ, മനുഷ്യത്വപരമായ രീതിയിൽ മാത്രമേ നടപടിക്രമങ്ങൾ നടത്തൂ എന്നും അദ്ദേഹം ഉറപ്പുനൽകി.

==========================================

## UKRAINE-KILLED

യുക്രെയ്നിൽ ഖാർകിവ് മേഖലയുടെ തെക്ക് കിഴക്കുള്ള ഹ്രോസ ഗ്രാമത്തിലെ ചന്തയിൽ റഷ്യൻ മിസൈൽ പതിച്ചതിനെ തുടർന്ന് 51 പേർ കൊല്ലപ്പെട്ടു. സിവിലിയൻ കേന്ദ്രങ്ങൾ ആക്രമിക്കുന്നത് നേരത്തെ നിഷേധിച്ച റഷ്യ സംഭവത്തിൽ ഇതുവരെ പ്രതികരിച്ചിട്ടില്ല. പ്രദേശത്ത് സൈനിക ലക്ഷ്യങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും സാധാരണക്കാർ മാത്രമാണ് അവിടെ ഉണ്ടായിരുന്ന തെന്നും യുക്രെയ്ൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

==========================================

**WORLD CEREBRAL PALSY DAY**

ഇന്ന് ലോക സെറിബ്രൽ പാൾസി ദിനം. സെറിബ്രൽ പാൾസിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും രോഗം ബാധിച്ചവർക്ക് പിന്തുണ നൽകുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ശരീരത്തിൻറെ ചലനങ്ങളെയും, പേശീ പ്രവർത്തനങ്ങളെയുമാണ് സെറിബ്രൽ പാൾസി ബാധിക്കുന്നത്. **ഒരുമിച്ച് ശക്തരാകാം** എന്നതാണ് ഈ വർഷത്തെ സെറിബ്രൽ പാൾസി ദിന പ്രമേയം.

==================================================

===================================

====================